## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4687** **20.10.2011 ൽ മറുപടിക്ക്**

### ഇറച്ചിക്കോഴിക്ക് നികുതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് : | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടു വരുന്ന ഇറച്ചിക്കോഴികൾക്ക് എത്ര ശതമാനം നികുതിയാണ് ഈടാക്കുന്നത് ; | (എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കൊണ്ടു വരുന്ന ഇറച്ചിക്കോഴി കൾക്ക് 12.5% നികുതിയാണ് ഈടാക്കുന്നത്. |
| (ബി) മാഹിയിൽ ഇറച്ചിക്കോഴികൾക്ക് നികുതി ഈടാക്കാത്തതിനാൽ, അവിടെ ഇറച്ചിക്കോഴികളെ ഇറക്കിയശേഷം കേരളത്തിലേക്ക് നികുതി അടയ്ക്കാതെ കടത്തു ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നടപ്പു സാമ്പത്തിക വർഷം സെപ്റ്റംബർ 30 വരെ അന്യ സംസ്ഥാനത്തു നിന്നും മാഹിയിലേയ്ക്ക് 1004 ലോഡ് കോഴി കൊണ്ടുവന്നിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 978 ലോഡ് |

.........2

കോഴിയായിരുന്നു കൊണ്ടു വന്നിരുന്നത്. ഇപ്രകാരം കൊണ്ടു വരുന്ന കോഴിയുടെ വലിയൊരു പങ്ക് പല മാർഗ്ഗങ്ങളിലൂടെ കേരളത്തിലേയ്ക്ക് കടത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| | |
|---|---|
| (സി) ഇതുവഴിയുണ്ടാകുന്ന നികുതി ചോർച്ച തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശം നൽകാമോ ? | (സി) മാഹിയിൽ നിന്നും കേരളത്തിലേയ്ക്ക് അനധികൃതമായി കോഴിക്കടത്തു വഴി നികുതി വെട്ടിപ്പ് നടത്തുന്നത് തടയാൻ മാഹി കേരള അതിർത്തിയിൽ കുഞ്ഞിപ്പള്ളി, ന്യൂ മാഹി, മേക്കുന്ന്, പാറാൽ എന്നിങ്ങനെ നാല് ചെക്ക് പോസ്റ്റുകൾ നിലവിലുണ്ട്. കൂടാതെ വടകര ആസ്ഥാനമായി രണ്ട് മാഹി മൊബൈൽ സ്ക്വാഡുകൾ പ്രവർത്തി ക്കുന്നു. ഇവർ 24 മണിക്കൂറും അതിർത്തിയിൽ പെട്രോളിംഗ് നടത്തുന്നുണ്ട്. |

.......3

ഉത്സവ നാളുകളിൽ കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ സ്ക്വാഡുകളെ വിന്യസിച്ച് പ്രത്യേക വാഹന പരിശോധനയും നടത്തി വരുന്നു. ഇതിന്റെ ഫലമായി ഒരു പരിധിവരെ കോഴികളെ ക്കടത്തു തടയുവാൻ സാധിക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം കോഴിക്കടത്തുമായി ബന്ധപ്പെട്ട് 122 കേസുകൾ ബുക്ക് ചെയ്യുകയും പിഴ, നികുതി, ജാമ്യത്തുക എന്നീയിനങ്ങളിലായി 22.12 ലക്ഷം രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ